## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 741 28.02.2017 -ൽ മറുപടിക്ക്

## തലശ്ശേരി ടൂറിസം പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ. ഷംസീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) തലശ്ശേരി ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾ തലശ്ശേരി മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | എ) തലശ്ശേരി ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി തലശ്ശേരി മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. കൊട്ടുവള്ളി ജംഗ്ഷൻ - മാഹി ബ്രിഡ്ജ് എന്നിവ തലശ്ശേരി ടൗണിൽ ബന്ധിപ്പിക്കുന്ന ബൈപാസ് റോഡിന്റെ നിർമ്മാണം.<br>2. കണ്ണൂർ ഹോളോ വേ റോഡിന്റെ പുനരുദ്ധാരണം.<br>3. കൊട്ടുവള്ളി ജംഗ്ഷൻ മുതൽ വമാൽ ക്ഷേത്രം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം<br>4. നാരങ്ങാപുരം-കീഴാത്തിൻമുക്ക്-മഞ്ഞോടി റോഡിന്റെയും ചിറക്കര-കീഴാത്തിൻമുക്ക് റോഡിന്റെയും പുനരുദ്ധാരണം. |

5. സെയിദാർപ്പള്ളി - ടെമ്പിൾ ഗേറ്റ് -കണ്ണിച്ചിറ റോഡിന്റെ പുനരുദ്ധാരണം

6. വെന്യൂസ് ജംഗ്ഷൻ - റെയിൽ വേ സ്റ്റേഷൻ -സംഗമം റോഡിന്റെ പുനരുദ്ധാരണം.

ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം തലശ്ശേരി ഹെറിട്ടേജ് ടൂറിസം പ്രോജക്റ്റ് (THTP) പ്രകാരം എത്ര പ്രവൃത്തികൾ തലശ്ശേരി മണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുണ്ട് എന്നും ഇവയുടെ നിർവ്വഹണപുരോഗതി വിലയിരുത്തി യിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ?

ബി) തലശ്ശേരിയിൽ ഉള്ള പാണ്ടിക ശാലകളും ഗോഡൗണുകളും പോർട്ട് ഓഫീസ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ അതേ പോലെ നിലനിർത്തി സംരക്ഷിക്കാനും ഷോപ്പിംഗ് ഏരിയ, കഫേ, റസ്റ്റോറന്റ്, പൈതൃക ഹോട്ടൽ എന്നിവ ഒരുക്കാനും സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു മ്യൂസിയം ആരംഭിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Sandhya

സെക്ഷൻ ഓഫീസർ.